## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2522** **05.11.2019 ൽ മറുപടിയ്ക്ക്**

## സൗര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. യും അനർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'സൗര പദ്ധതിയുടെ' വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഇ.ബി. യും അനർട്ടും സംയുക്തമായി നടപ്പിലാക്കുന്ന ഊർജ്ജ കേരള മിഷന്റെ ഭാഗമായ 'സൗര' പദ്ധതി പ്രകാരം 2021 ഓടുകൂടി 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽ നിന്നും, 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽ നിന്നും, മറ്റൊരു 150 മെഗാവാട്ട് സോളാർ പാർക്കിൽ നിന്നും, 200 മെഗാവാട്ട് ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന നിലയങ്ങളിൽ നിന്ന് കരാറിലൂടെയും ലഭ്യമാക്കാനാണ് പദ്ധതി ഇട്ടിരിക്കുന്നത്. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താല്പര്യമുള്ള ഉപഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം **2.78** ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. ഫീൽഡ് സർവ്വേ പൂർത്തീകരിച്ച ഇതിൽ ആദ്യഘട്ടമായ 200 മെഗാവാട്ടിന് ആവശ്യമായതും ഏറ്റവും അനുയോജ്യമായതുമായ 42500 പുരപ്പുറങ്ങൾ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ പ്രമാണങ്ങൾ തയ്യാറാക്കി ബഹുമാനപ്പെട്ട റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ച് അനുമതി നേടി. 2019 ഡിസംബർ ഓടു കൂടി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 2020 ജനുവരി മുതൽ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കാസർകോട് സോളാർ പാർക്കിൽ നിലവിലുള്ള 50 മെഗാവാട്ട് പദ്ധതിക്ക് പുറമെ മറ്റൊരു 55-60 മെഗാവാട്ട് പദ്ധതിക്കുള്ള കരാറായിട്ടുണ്ട്. ഇന്ത്യയിലെവിടെയും സ്ഥാപിച്ച് 200 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ പ്രമാണങ്ങൾക്ക് റഗുലേറ്ററി കമ്മിഷന്റെ അനുമതി തേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പാഴ് നിലങ്ങളിലും ജലോപരി തലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കു-വാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>1. കായംകുളത്ത് NTPC കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാ പത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 92 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പദ്ധതി കായംകുളത്ത് NTPC യുടെ കൈവശമുള്ള കായൽ പരപ്പിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി KSEB യും NTPC യും തമ്മിൽ വൈദ്യുതി വാങ്ങൽ കരാർ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി നിർമ്മാണ ടെണ്ടർ ആരംഭിക്കുന്നതാണ്.<br>2. കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 50 മെഗാവാട്ട് പദ്ധതിയുടെ ആദ്യ ഘട്ടമായി 10 മെഗാവാട്ടിന്റെ ഫ്ലോട്ടിങ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിനായി M/s വെസ്റ്റ് കല്ലട നോൺ കൺവെഷണൽ എനർജി പ്രൊമോട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ലീസ് ഡീഡ് ഒപ്പു വയ്ക്കുകയും, ടി ഭൂമി പദ്ധതി നിർവ്വഹണത്തിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC യുമായി MoU ഒപ്പുവയ്ക്കുകയും ചെയ് തു. ടി പദ്ധതിയിൽ നിന്നുൽപാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിനായി KSEB യും NHPC യും തമ്മിൽ ധാരണയായിട്ടുണ്ട്. പദ്ധതി നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.<br>3. ബാണാസുരസാഗർ റിസർവോയറിൽ നിലവിലുള്ള 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതിയ്ക്ക് പുറമേ 100 മെഗാവാട്ട് പദ്ധതിയുടേയും, ഇടുക്കി റിസർവോയറിൽ 300 മെഗാവാട്ട് പദ്ധതി യുടെയും സാദ്ധ്യതാപഠനം യഥാക്രമം SECI, NTPC എന്നിവ മുഖാന്തിരം നടന്നുവരുന്നു. |
| (സി) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സോളാർ നിലയം സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനകം എത്ര | (സി) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് , കളക്ടറേറ്റ്, |

| | | | |
|---|---|---|---|
| | ഓഫീസുകളിൽ ഇത് പ്രാവർത്തികമാക്കി; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | | വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തങ്ങൾ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം നിയമസഭാ മന്ദിരം, സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ് എന്നിവിടങ്ങളിൽ ഇത്തരം നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | നിയമസഭാ മന്ദിരം, സെക്രട്ടേറിയറ്റ്, യൂണിവേഴ്സിറ്റി, ഹൈക്കോടതി എന്നീ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സാധ്യതാ പഠനം പുരോഗമിക്കുകയാണ്. ടെണ്ടർ നടപടികളിലൂടെ പ്രസ്തുത കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**